## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *499

**01.07.2014**- ൽ മറുപടിക്ക്

### സഹകരണമേഖലയെയും സേവനമേഖലയെയും ഒരുമിച്ച് കൊണ്ടുപോകുന്നതിനുള്ള കർമ്മ പദ്ധതികൾ

**ചോദ്യം**

**ശ്രീ. കെ. മുരളീധരൻ :**
**ശ്രീ. റ്റി.എൻ. പ്രതാപൻ :**
**ശ്രീ. എം.പി. വിൻസെന്റ് :**
**ശ്രീ. പാലോട് രവി :**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ സഹകരണ മേഖല യേയും സേവനമേഖലയേയും ഒരുമിച്ച് കൊണ്ടുപോകാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(എ) സംസ്ഥാനത്തെ സഹകരണ മേഖല ബാങ്കിംഗ്, ആതുര ശുശ്രൂഷ, ടൂറിസം, വിദ്യാഭ്യാസം തുടങ്ങി നിരവധി സേവന പ്രവർത്തനങ്ങളിലേർപ്പെട്ടു വരുന്നുണ്ട്. ഇതിലേയ്ക്കായി അതാത് മേഖലയിൽ തന്നെ പ്രത്യേകം സംഘങ്ങൾ രൂപീകരിച്ചു കൊണ്ടും, സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ സേവന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുമാണ് ഇത് സാദ്ധ്യമാകുന്നത്. എന്നാൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ഇതര സേവന മേഖലയിൽ പ്രവർത്തിക്കാൻ കഴിയില്ല. സംസ്ഥാനതലത്തിൽ ധനസഹായ ബാങ്കായി പ്രവർത്തിക്കുന്ന സംസ്ഥാന സഹ

കരണ ബാങ്കും, ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളും സേവന മേഖലയിൽ പ്രവർത്തിക്കുന്നതും അഫിലിയേഷൻ ഉള്ളതുമായ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നുണ്ട്.

ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

സി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി)യും (സി)യും സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സബ്-സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം ഭേദഗതി നിയമം 2013 (2013-ലെ 8-ാം നമ്പർ നിയമം)-ൽ 14 എ(1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അംഗങ്ങളുടെ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ തമ്മിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള വ്യവസ്ഥയും 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 14 ബി-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

ഡി) ഇതുവഴി പ്രാദേശിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ ?

(ഡി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമ പ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സബ്സിഡിയറി സ്ഥാപനങ്ങൾ രൂപീകരിക്കാനും പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കാനും

കഴിയും. രാജ്യത്തെ ബാങ്കിംഗ് നിയമം വിവക്ഷിക്കുന്ന തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ എല്ലാം നൽകാതെ അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് മാത്രം വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾക്ക് മേൽ പരാമർശിച്ച നിയമ വ്യവസ്ഥകൾ പ്രകാരം അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ